REVENUE DEPARTMENT

*309. [25] **Sri. E. P. Poulose:** Will the Hon'ble Minister for Revenue be pleased to state:—

(a) whether accountants in the Revenue Department and peons now receive the same pay;

(b) what is the scale of pay of accountants in the Revenue Department; and

(c) whether Police constables have higher scale of salaries?

Minister for Finance and Revenue **(Sri. A. J. John):**

(a) Yes, Rs. 20 per mensem.

(b) There is no scale of pay. The pay is fixed at 20.

(c) Constables are of four grades. The revised pay under the re-orgonisation scheme for each class excluding allowances is:—

1st class	Rs. 35
2nd ,,	,, 31
3rd ,,	,, 28
4th ,,	,, 25

ശ്രീ. ഇ. പി. പൗലോസ്: അക്കൗണ്ടന്മാർക്ക് ശിപായിമാരുടെ ശമ്പളത്തിൽനിന്നും എന്തെങ്കിലും കൂടുതൽ കൊടുക്കാൻ ആലോചനയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പറ്റി ആലോചനയുണ്ട്. പക്ഷെ രണ്ടു രൂപാ കൂട്ടിക്കൊടുക്കയാണെങ്കിൽത്തന്നെ പ്രതിമാസം ൨,൦൦൦-ൽപരം രൂപാ വേണ്ടിവരും. അതുകൊണ്ടു തൽക്കാലം കൂട്ടിക്കൊടുക്കാൻ വളരെ പ്രയാസമാണ്.

ശ്രീ. ഇ. പി. പൗലോസ്: അക്കൗണ്ടന്മാരുടേയും ശിപായിമാരുടേയും ശമ്പളം ഒന്നായിരിക്കുന്നതു ശരിയാണെന്നു തോന്നുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ശിപായിമാരുടെ ശമ്പളം ഇടയിടെ കൂട്ടിയതുകൊണ്ടാണ് അക്കൗണ്ടന്മാരുടെ ശമ്പളത്തിനോടു തുല്യമായിട്ടുള്ളതു്. ശിപായിമാരുടെ ശമ്പളം കൂട്ടിയതുകൊണ്ട് അക്കൗണ്ടന്മാരുടേയും ശമ്പളം കൂട്ടണമെന്നില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇക്കാര്യത്തിൽ അക്കൗണ്ടന്മാരുടെ ഇടയിൽ വലുതായ അസംതൃപ്തിയുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: ചിലർക്ക് അസംതൃപ്തിയുണ്ടായിരിക്കും. ഈ കാരണംകൊണ്ടല്ലെങ്കിലും അസംതൃപ്തിയുള്ളവർ ഉണ്ടായിരിക്കുക സാധാരണമാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മറ്റെല്ലാഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെ അപേക്ഷിച്ചു കുറവാണെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

RURAL HOSPITALS

*310. [26] **Sri. E. P. Poulose:** Will the Hon'ble Minister for Finance and Revenue be pleased to state:—

(a) whether the Government have finalised the scheme for the starting of new rural hospitals;

(b) what are the conditions on which new rural hospitals will be sanctioned; and

(c) how many rural hospitals do Government intend starting under the new scheme?

LIBRARY ARCHIVES Kerala Legislative Assembly